WEDNESDAY 31-08-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/08/2022.

1. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ നടപടിയുടെ ഭാഗമായി ഓണം സീസണിൽ ഇത്തവണ 2010 നാടൻ കർഷക ചന്തകൾ സജ്ജീകരിക്കുന്നതാണ്. കൃഷിവകുപ്പിന്റെ ഒപ്പം ഹോർട്ടികോർപ്പും വി എഫ് പി സി കെ യും സംയുക്തമായാണ് വിപണികൾ സംഘടിപ്പിക്കുന്നത്. കൃഷി വകുപ്പിന്റെ 1350 കർഷക ചന്തകളും ഹോർട്ടികോർപ്പിന്റെ 500 ചന്തകളും വി എഫ് പി സി കെ യുടെ 160 ചന്തകളുമാണ് സംസ്ഥാനമൊട്ടാകെ **സെപ്റ്റംബർ 4 മുതൽ 7** വരെയുള്ള നാല് ദിവസങ്ങളിൽ പ്രവർത്തിക്കുക. കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ സെപ്റ്റംബർ മൂന്നിന് വൈകുന്നേരം തിരുവനന്തപുരത്തെ ഹോർട്ടികോർപ്പ് വിപണിയിൽ വച്ച് നിർവഹിക്കും. കൃഷിവകുപ്പിന്റെ കീഴിലുള്ള ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം രൂപീകൃതമായ കൃഷി കൂട്ടങ്ങൾ, ഏകതയുടെ ക്ലസ്റ്ററുകൾ, എക്കോ ഷോപ്പുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് കൃഷിഭവൻ തലത്തിൽ വിപണികൾ സംഘടിപ്പിക്കുക. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണിയിലെ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും ഓണവിപണികളിലൂടെ വിൽപന നടത്തുമ്പോൾ പൊതുവിപണിയിലെ വിൽപന വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഇത് ഉപഭോക്താക്കൾക്ക് നൽകുന്നതുമാണ്.

2. കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഫാം ടൂറിസത്തിന്റെ ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 31-ന്) വൈകുന്നേരം 3 മണിക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കുരിയോട്ടുമല ഡയറി ഫാമിൽ കൂടുന്ന യോഗത്തിൽ ടൂറിസം - പൊതുമരാമത്ത് വകുപ്പ് മന്ത്രി അഡ്വ. പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും.

3. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 1 മുതൽ 6 വരെ **കരപ്പുറം ഓണവിസ്മയം 2022** കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് വിപണന സ്റ്റാളുകൾ, ജൈവ പച്ചക്കറികൾ, ഓണപ്പൂക്കൾ, കലാ-കായിക മത്സരങ്ങൾ തുടങ്ങിവയും സംഘടിപ്പിക്കുന്നു.

4. വാമനപുരം ബ്ലോക്കിലെ എല്ലാ കൃഷിഭവൻ തലത്തിലും ഓണം വിപണി സെപ്റ്റംബർ 4 മുതൽ 7 വരെ സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം വാമനപുരം എം.എൽ.എ അഡ്വ.ഡി.കെ. മുരളി നിർവഹിക്കും. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും ഹോർട്ടികോർപ്പിൽ നിന്നുള്ള പച്ചക്കറികളുമാണ് ഓണം വിപണിയിൽ വിപണനം നടത്തുന്നത്.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ചോപ്പിംഗ് മെഷീൻ സെപ്റ്റംബർ 15-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയിൽ മല്ലി, കാബേജ്, കോളിഫ്ളവർ, മുളക്, പയർ തുടങ്ങിയ പച്ചക്കറി തൈകളും ഗംഗാബോണ്ടം തെങ്ങിൻ തൈകൾ തൈ ഒന്നിന് 200 രൂപയ്ക്കും, കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപയ്ക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ ചുവപ്പ് നിറത്തിലുള്ള ഡ്രാഗൺഫ്രൂട്ട് തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിലും ലഭ്യമാണ്.

7. മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിയിലെ ഗോവർദ്ധിനി പദ്ധതി 2022-23 പ്രകാരം തിരുവനന്തപുരം ജില്ലയിലെ മൃഗാശുപത്രികൾ വഴി നാലിനും ആറു മാസത്തിനുമിടയിൽ പ്രായമുള്ള 3000 പശുകുട്ടികളെ കന്നുകുട്ടി പാരിപാലന പദ്ധതിയിൽ ചേർക്കുന്നു. ഈ പദ്ധതിയിൽ അംഗമാകുന്ന പശുകുട്ടികൾക്ക് 12500 രൂപയുടെ തീറ്റ സബ്സിഡി 24 മാസമായി വിവിധ പാൽസൊസൈറ്റികൾ വഴി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (സെപറ്റംബർ 01) രാവിലെ 11 മണിക്ക് **പഴം പച്ചക്കറികളുടെ വിളവെടുപ്പാനന്തര പരിചരണം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാലക്കു കീഴിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രം കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 05-നു രാവിലെ 10.30 മുതൽ **ശാസ്ത്രീയ വാഴ കൃഷി** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർ **9188223584, 0495 2935850** എന്നീ ഫോൺ നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യത്തെ 30 പേർക്കാണ് മുൻഗണന.

10. കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെൻ്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന വിവിധ പരിശീലന പരിപാടികളിലേക്ക് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനായി https://forms.gle/ee1SgTVkVcmqH2Gb9 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തു ഗൂഗിൾ ഫോം പൂരിപ്പിച്ച് നൽകേണ്ടതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

11. **കോട്ടയം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- പയറിൽ **പുള്ളിക്കുത്തു** രോഗത്തിന് സാധ്യതയുണ്ട്. പയർ നടുന്നതിനു മുമ്പ് തടങ്ങളിൽ കോപ്പർ ഓക്സി ക്ലോറൈഡ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ഒഴിച്ച് കൊടുക്കുക.
- വഴുതന വർഗ്ഗ വിളകളിലെ **തൈചീയൽ** രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ആഴ്ചയിൽ ഒരിക്കൽ ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം